**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് - 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ട് ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 38 ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊണേഷൻ വഴി ലഭിച്ച 7 ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച 33 ഓക്സിജൻ ജനറേറ്ററിൽ 8 എണ്ണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഇടുക്കി ജില്ലയിലെ താലൂക്ക്, ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ഓക്സിജൻ പ്ലാന്റ് നിർമ്മിച്ച് ഓക്സിജൻ ലഭ്യത കൂടുതൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ 1000 Ltr/M (Liter Per Minute) ശേഷി വീതമുള്ള ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ